ശബരിമല സീസൺ കാലത്ത് പമ്പാനദിയിൽ പമ്പാഭാഗത്ത് കോളിഫോം ബാക്ടീരിയയുടെ അളവ് വളരെയധികം കൂടുതലായി കണ്ടിട്ടുണ്ട്. തീർത്ഥാടന സമയത്ത് പമ്പയിലെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽനിന്നുള്ള ശുദ്ധീകരിച്ച പാഴ്ജലത്തിന്റെയും പമ്പാനദിയിലെ ജലത്തിന്റെയും ഗുണനിലവാരം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ദിവസവും പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സമയാസമയങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ തിരുവിതാംകൂർ ദേവസ്വം ബോർഡിനും കേരള വാട്ടർ അതോറിറ്റിക്കും നൽകിവരുന്നു. കൂടാതെ, തിരുവിതാംകൂർ ദേവസ്വം ബോർഡ് നടപ്പിലാക്കുന്ന ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ അവലോകനം ചെയ്ത് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. പമ്പാനദിയിൽ ഭക്തജനങ്ങൾ വസ്ത്രങ്ങൾ ഉപേക്ഷിച്ച് പോകുന്നത് തടയുന്നതിനായി ഈ വർഷം എൻ.എസ്.എസ്. വോളന്റിയർമാരുടെയും പോലീസ് സേനയുടെയും സഹായത്തോടെ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ലഭ്യമാകുന്ന മഴയുടെ തോതനുസരിച്ച് നദികളിലെ ജലത്തിന്റെ അളവ് വ്യത്യാസപ്പെടുമെങ്കിലും ജലവിതരണം സ്ഥിരമായി കുറഞ്ഞിരിക്കുന്നതോ, കൂടിയിരിക്കുന്നതോ ആയ പുഴകൾ ഒന്നുംതന്നെയില്ല.

സംസ്ഥാനം നേരിടുന്ന അതിരൂക്ഷമായ വരൾച്ചയും കാലാവസ്ഥാ വ്യതിയാനവും

180(2649) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന അതിരൂക്ഷമായ വരൾച്ചയും കാലാവസ്ഥാ വ്യതിയാനവും കണക്കിലെടുത്ത്, ലഭ്യമായ ജലം പരമാവധി സംരക്ഷിച്ച് കുടിവെള്ള വിതരണത്തിനും കൃഷിക്കും മറ്റനുബന്ധാവശ്യങ്ങൾക്കും തടസ്സമില്ലാതെ നൽകാൻ പറ്റുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കുമെന്ന് 2013-14-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നോ ; വ്യക്തമാക്കുമോ;

(ബി) ഇതിനായി പ്രസ്തുത വർഷത്തെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടായിരുന്നുവെന്നും അതിൽ എത്ര തുക ഖജനാവിൽ നിന്നും ചെലവഴിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രഖ്യാപിച്ചിട്ടുണ്ട്. നദികളിലൂടെ ഒഴുകി കടലിൽ പതിക്കുന്ന ജലം വിവിധ സ്ഥലങ്ങളിൽ തടയണകൾ നിർമ്മിച്ച് സംഭരിച്ച് ഉപയോഗയോഗ്യമാക്കുന്നതിലേക്കായി 700 ഓളം തടയണകൾ ഘട്ടംഘട്ടമായി നിർമ്മിക്കുന്നതിന് 400 കോടി രൂപയുടെ ബൃഹദ് പദ്ധതി 2013-14-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. ഭൂജല വകുപ്പുമായി ബന്ധപ്പെട്ട 2013-14 ബഡ്ജറ്റിൽ കിണറുകൾ റീചാർജ് ചെയ്യലും മഴവെള്ള സംരക്ഷണവും ജനകീയ പദ്ധതികളായി ഏറ്റെടുക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു.

(ബി) 183 തടയണകൾ നിർമ്മിക്കുന്നതിനായി 25-4-2014-ൽ 106.60 കോടി രൂപയും 7 തടയണകളുടെ നിർമ്മാണത്തിനായി 24-11-2014-ൽ 3.78 കോടി രൂപയും അനുവദിച്ചു. ഇവ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. 2013-14, 2014-15 വർഷങ്ങളിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. കൂടാതെ, കൃത്രിമ ഭൂജല സംപോഷണ പദ്ധതിയുടെ ഭാഗമായി 2013-14 വർഷം 60 ലക്ഷം രൂപ അനുവദിച്ചു. ഇതിൽ 58 ലക്ഷം രൂപ വിനിയോഗിച്ച് 75 പദ്ധതികൾ പൂർത്തീകരിച്ചു. രാജീവ് ഗാന്ധി കടിവെള്ള പദ്ധതിയിൽ 4 കോടി രൂപ വകയിരുത്തുകയും അതിൽ 3.95 കോടി രൂപ വിനിയോഗിച്ച് 150 കഴൽക്കിണർ, 73 ചെറുകിട കടിവെള്ള പദ്ധതികൾ, 90 ഹാൻഡ് പമ്പ് പദ്ധതികൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

വാട്ടർ അതോറിറ്റി ജീവനക്കാർക്ക് മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി

181(2650) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി ജീവനക്കാർക്ക് നടപ്പിലാക്കിയ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രീമിയം തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ ജീവനക്കാർക്കും വേണ്ടി എത്ര തുക പ്രീമിയം അടച്ചു എന്നു വ്യക്തമാക്കുന്ന രേഖ എല്ലാ ജീവനക്കാർക്കും നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനു നടപടി സ്വീകരിക്കുമോ ;

(സി) മെഡിക്കൽ സ്പെഷ്യൽ സാങ്ഷൻ ഉത്തരവാക്കാത്തതുമൂലം ജീവനക്കാർക്ക് ആനുകൂല്യങ്ങൾ നഷ്ടമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കെട്ടിക്കിടക്കുന്ന മെഡിക്കൽ സ്പെഷ്യൽ സാങ്ഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly